# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.37 24-01-2018-ലെ മറുപടിക്ക്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ.ടി.എ. അഹമ്മദ് കബീർ<br>ശ്രീ.ടി.വി. ഇബ്രാഹിം | ഡോ.ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |

### ട്രഷറി നിയന്ത്രണം

| | | |
|---|---|---|
| (എ) | ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ; | സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടിക്രമവുമാണ്. ചരക്കു സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവർത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനക്രമീകരിച്ചു. ഇതുകൂടാതെ ചരക്കു സേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടിയുടെ ഗണ്യമായ പങ്കും മാസത്തിന്റെ പകുതിയ്ക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് |

| | | |
|---|---|---|
| | | ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap പലപ്പോഴും, റിസർവ്വ് ബാങ്കിന്റെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റിനുള്ള ഉപാധികളായ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവ മുഖാന്തിരം ശേഖരിക്കാവുന്ന പരിധിക്കും മുകളിലാണ്. ടി പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനാവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ നവംബർ-ഡിസംബർ മാസങ്ങളിലായി ഏർപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല. |
| (ബി) | കോൺട്രാക്ടർമാരുടെ ബില്ലുകൾ കെട്ടിക്കിടക്കുന്നതുമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഇല്ല, 2017 മെയ് മാസം വരെയുള്ള കോൺട്രാക്ടർമാരുടെ ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ കോൺട്രാക്ടർമാരുടെ ബിൽ |
| (സി) | എങ്കിൽ ഇതു പരിഹരിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ? | കുടിശ്ശിക തീർക്കുന്നതിനായി മാത്രം 2,470.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിലുള്ള കുടിശ്ശിക 608.92 കോടി രൂപയാണ്. ടി കുടിശ്ശികയും മുൻഗണനാക്രമത്തിൽ തന്നെ അനുവദിക്കുക എന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ